ശ്രീ. കെ.സി. വാമദേവൻ: അന്താരാഷ്ട്ര ശിശുവർഷം പ്രമാണിച്ച് ദുർബ്ബലവിഭാഗങ്ങളിൽപ്പെട്ട ശിശുക്കൾക്ക് ഒരു നേരത്തെ ആഹാരം എന്ന നമ്മുടെ പ്രഖ്യാപിതലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ആ ലക്ഷ്യം വച്ചുകൊണ്ട് ഇത്തവണ കൂടുതൽ സെൻറുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; അല്ലെങ്കിൽ മറെറന്ത് ഏജൻസിയെ ആണ് ആശ്രയിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതല്ലാതെ പോഷകാഹാരം നൽകുന്നതിനു വേറെ പല പദ്ധതികളുമുണ്ട്. ഈ പദ്ധതികൾ അതിൽ ഒന്നുമാത്രമാണ്. ഇത് ഒരു സംയോജിതപദ്ധതിയാണ്. മറെറത് ഭക്ഷണം കൊടുക്കുന്നതിനുമാത്രമുള്ള പദ്ധതിയാണ്.

ശ്രീ. ഇ.പി. ഗോപാലൻ: ഈ പദ്ധതി ആരംഭിച്ചിട്ടുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ ഒരു കൊല്ലത്തെ അതിൻെറ പ്രവർത്തനഫലം പരിശോധിച്ചിട്ട് അതിനുശേഷം ഇനിയുള്ള പ്രദേശങ്ങൾ തിരഞ്ഞെടുക്കാൻ വേണ്ട നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പരിശോധനയൊന്നും നടന്നിട്ടില്ല. പക്ഷേ, ഇതു കേന്ദ്രഗവൺമെൻറിൻെറ പദ്ധതിയാണ്; ആ പദ്ധതിയിൽ കിട്ടുന്നതനുസരിച്ച് നടപ്പിലാക്കണമെന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം. ഫലം വളരെ ഉണ്ടായിട്ടുണ്ടെന്നുതന്നെയാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: അടുത്ത സാമ്പത്തികവർഷത്തിലേക്ക് മൂന്നു പ്രോജക്ടുകൾക്ക് കേന്ദ്രത്തിൽനിന്ന് അനുവാദം കിട്ടി എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ മൂന്നു പ്രോജക്ടുകൾ എവിടെയൊക്കെയാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: അഞ്ചുവയസ്സിനുതാഴെയുള്ള കുട്ടികൾക്കു പോഷകാഹാരം കൊടുക്കുന്നതിന് ഇക്കൊല്ലം ഗവൺമെൻറ് പ്രഖ്യാപിച്ച പദ്ധതിയുണ്ട്. ഇതു രണ്ടുംകൂടി, കൂടുതൽ പ്രായോഗികമാക്കുന്നതിനുവേണ്ടി സംയോജിപ്പിച്ചു പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: രണ്ടുംകൂടി യോജിപ്പിക്കേണ്ടതില്ല, സർ.

ടി. ടി. സി. പാസാകാത്ത ഹരിജൻ അദ്ധ്യാപകർ

* 664 [724] ശ്രീ. വി. കെ. രാജൻ:
,, ഇ. കെ. പിള്ള:
,, എ. എൻ. യൂസഫ്:
,, സി. എ. കുര്യൻ:
,, പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫെയർ സ്കൂളുകളിൽ നിയമനം ലഭിച്ചിട്ടുള്ള ഹരിജൻ അദ്ധ്യാപകർക്ക് ടി.ടി.സി. പാസാകണമെന്ന് നിർബന്ധം ഉണ്ടായിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി. ടി. സി. പാസാകാത്ത എത്ര ഹരിജൻ അദ്ധ്യാപകർ ഇപ്പോഴും സർവ്വീസിലുണ്ട്;

(സി) ടി. ടി. സി. പാസാകാതെ ജോലി ചെയ്തുവരുന്ന ഹരിജൻ അദ്ധ്യാപകർക്കു ഇൻക്രിമെന്റു കൊടുക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ):

(എ) ഇല്ലായിരുന്നു.

(ബി) ഇതുസംബന്ധിച്ച് പ്രത്യേകം കണക്കുകളും സൂക്ഷിച്ചിട്ടില്ല.

(സി, ഡി) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ ആരംഭിച്ചു പിന്നീട് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത സ്കൂളുകളിൽ ഇൻക്രിമെന്റു നൽകുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നേരിട്ട് അദ്ധ്യാപകരായി നിയമിക്കപ്പെട്ടവർക്ക് ടി.ടി.സി പാസാകാതെ ഇൻക്രിമെന്റു നൽകുന്നതല്ല. എന്തെന്നാൽ ടി.ടി.സി. ഇപ്പോഴും ഒരു നിർബന്ധിത യോഗ്യതയാണ്.

ശ്രീ. ഇ. കെ. പിള്ള: ഹരിജൻ വെൽഫെയർ സ്കൂളുകളിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകർക്ക് ടി.ടി.സി. നിർബന്ധിതമായിരുന്നില്ല. അങ്ങനെയുള്ള അദ്ധ്യാപകർ സർവ്വീസിൽ പ്രവേശിച്ച് ഇപ്പോൾ അഞ്ചു കൊല്ലത്തിലേറെയായി സർവീസിൽ തുടരുന്നുണ്ട്. ടി.ടി.സി. പാസായിട്ടുള്ള അദ്ധ്യാപകർക്കുള്ള ആനുകൂല്യങ്ങളെല്ലാം അവർക്കു ലഭിക്കാതിരിക്കുകയാണ്. അതു ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഹരിജൻ വെൽഫെയർ സ്കൂളുകളിൽ ടി. ടി. സി. പാസാകാത്ത അദ്ധ്യാപകർക്ക് ഇൻക്രിമെന്റ് മുതലായ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്നാണ് ഗവൺമെന്റിനു കിട്ടിയ വിവരം. ഏതെങ്കിലും കേസിൽ ലഭിക്കാതിരിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർക്കു വിവരമുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിഗണിക്കുന്നതാണ്. പക്ഷേ സ്പെഷ്യൽ റിക്രൂട്ട്മെന്റു പ്രകാരം ഇപ്പോൾ റിക്രൂട്ടു ചെയ്ത അദ്ധ്യാപകർ ടി.ടി.സി. പാസാകണമെന്നുള്ളതു നിർബന്ധമാണ്.

ശ്രീ. സി. എ. കുര്യൻ: സ്കൂളുകൾ എയിഡഡ് ആകുമ്പോൾ, വർഷങ്ങളായി ആ സ്കൂളുകളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഹരിജനങ്ങൾ ഉൾപ്പെടെയുള്ള, അദ്ധ്യാപകരെ ടി.ടി.സി.യിൽനിന്നു ഒഴിവാക്കാൻ പ്രത്യേകം നിർദ്ദേശം നൽകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾതന്നെ നിയമമുണ്ട്. ഹരിജനങ്ങളെക്കുറിച്ചു ചോദിച്ചതുകൊണ്ടു പറയുകയാണ്, ഞാൻ തയ്യാറായി വന്നിട്ടില്ല, ഓർമ്മയിൽനിന്നു പറയുകയാണ്—50 വയസ്സായ ആളുകളെ ടി.ടി.സി.യിൽ നിന്ന് ഒഴിവാക്കുന്നതാണ്. പിന്നെ, അദ്ധ്യാപകർ പരിശീലനം നേടണം എന്നുള്ളത് ഒരു നിർബന്ധമാണ് സർ.

ശ്രീ. പി. ശങ്കർ: സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നു പറഞ്ഞത് എന്താണെന്നു മനസ്സിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മെമ്പർമാർക്ക് അറിയാമെന്നു വിചാരിച്ചതുകൊണ്ടാണ് വിശദീകരിക്കാത്തത്. ചോദ്യോത്തരസമയത്ത് വിശദീകരിക്കാൻ നിന്നാൽ സമയം വളരെ നീണ്ടുപോകും. ഹരിജനങ്ങളുടെ എണ്ണം കുറവായതുകൊണ്ട് ഹരിജനങ്ങളെ മാത്രം പ്രത്യേകമായി റിക്രൂട്ടുചെയ്യുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെൻറ് എന്നു പേർ.

ശ്രീ. എം. കെ. കേശവൻ: ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുണ്ടായിരുന്ന സ്കൂളുകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അദ്ധ്യാപകർ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ കീഴിലേക്കു വന്നിട്ട് അവരിൽ പലരും ടി.ടി.സി. യോഗ്യത ഇല്ലാത്തവരായി ഉണ്ട്. അത്തരം ആളുകൾക്ക് ടി. ടി. സി. പാസാകാൻ എത്ര ചാൻസ് കൊടുക്കാനാണു ഗവൺമെൻറുദ്ദേശിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത്തരം ആളുകൾ ടി.ടി.സി പാസാകേണ്ടതില്ല, സർ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഹരിജൻ സ്കൂളുകളിൽ നിയമിക്കപ്പെട്ടവർക്ക് ടി.ടി.സി വേണ്ടെന്നും അല്ലാത്ത സ്കൂളുകളിൽ ഹരിജനങ്ങൾക്ക് അതു വേണമെന്നും പറഞ്ഞതായിട്ടാണു മനസ്സിലാകുന്നത്. ഈ വിവേചനത്തിന് അടിസ്ഥാനമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഹരിജൻ സ്കൂളുകൾ പത്തിരുപതുകൊല്ലങ്ങൾക്കുമുമ്പ് ഏറെടുത്തതാണ്. അവർ ജോലിയിൽ ചേരുന്ന കാലത്ത് ടി.ടി.സി. ഒരു നിർബന്ധിതയോഗ്യതയല്ല. ടി.ടി.സി നിർബന്ധിതമല്ലാതെ ജോലിയിൽ ചേർന്നവരോടു പിന്നെയും ടി.ടി.സി. വേണമെന്നു നിർബന്ധിക്കുന്നതു ശരിയല്ല. ഇപ്പോൾ റിക്രൂട്ടുചെയ്തവർക്കു ടി.ടി.സി. നിർബന്ധിതമാണു സർ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മുൻപ് പയൽ സ്കൂളുകൾ എന്ന പേരിൽ ഹരിജൻ സ്കൂളുകളുണ്ടായിരുന്നു. ഇടയ്ക്ക് അതെല്ലാം വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ഏറെടുത്തു. ഇപ്പോഴും ഹരിജൻ സ്കൂളുകൾ പുതുതായി അനുവദിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇല്ല.

സ്റ്റേ ഉത്തരവുകൾ

* 665 [725] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-സഹകരണ വകുപ്പു മന്ത്രി സഭയ്ക്കു മറുപടി നൽകുമോ:

സർക്കാരിനു ലഭിക്കേണ്ട നികുതി കുടിശ്ശികകൾ ഈടാക്കി എടുക്കുന്നതിനു വിഘാതമായ സ്റ്റേ ഉത്തരവുകൾ നൽകുന്ന ഏർപ്പാട് നിർത്തലാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ): സർ, സർക്കാരിനു ലഭിക്കേണ്ട നികുതി കുടിശ്ശികകൾ ഈടാക്കാൻ വിഘാതമായ സ്റ്റേ ഉത്തരവുകൾ നൽകാറില്ല. എന്നാൽ കുടിശ്ശിക തുക അടയ്ക്കേണ്ടവർക്ക് അമിതമായ ബുദ്ധിമുട്ട് ഒഴിവാക്കാനും കുടിശ്ശികകൾ സുഗമമായി ഈടാക്കുന്നതിനുംവേണ്ടി അർഹമായ കേസു

LIBRARY ARCHIVES Kerala Legislative Assembly